പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3694 — 14/03/2017-ൽ മറുപടിക്ക്

# പോസ്റ്റ്മോർട്ടം റിപ്പോർട്ട്

**ചോദ്യം.**

**ശ്രീ.പി.ഉബൈദുള്ള**

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ട് മലയാളത്തിലാക്കുവാൻ നിയമസഭാ സമിതി ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ ശിപാർശ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

**ഉത്തരം**

**കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യ, കുടുംബക്ഷേമ സാമൂഹ്യ നീതി വകുപ്പ് മന്ത്രി)**

(എ), (ബി) & (സി)
ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2006-2008) യുടെ രണ്ടാമത് റിപ്പോർട്ടിലെ 96 -ാം നമ്പർ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് നൽകിയ മറുപടി സമിതി പരിഗണിക്കുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട് മലയാളത്തിലാക്കുന്നതിന് വകുപ്പ്തലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരം പ്രസ്തുത വകുപ്പിനോട് ആരായാൻ നിർദേശിക്കുകയും ചെയ്തു. എന്നാൽ ആരോഗ്യവകുപ്പിൽ നിന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് നൽകുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകേണ്ടത് ടി വകുപ്പാണെന്ന് ആഭ്യന്തര വകുപ്പ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ നിയമസഭാസമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ